## 13-ാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 589** — **11.06.2013-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് ഘടന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>'' റ്റി. എൻ. പ്രതാപൻ<br>'' വി. ഡി. സതീശൻ<br>'' പാലോട് രവി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി MOU സംവിധാനം നടപ്പിലാക്കുന്നതു വഴി അവയുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതു കൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) & (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കി അവയിൽ 10 സ്ഥാപനങ്ങളുടെ അവലോകനം(External Evaluation) നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ